കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# ആയവന ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെഎസ്എ-ഇകെഎം (പി 8)130/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

തീയതി : 15.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആയവന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആയവന ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആയവന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം,
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം,
3. കാര്യാലയ പകർപ്പ്.

നം.കെഎസ്എ-ഇകെഎം (പി 8)130/2019 തീയതി : 21.12.2018

# എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.07.2017 മുതൽ 31.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.ജയ. സി. ആർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.01.2019 മുതൽ 18.01.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.റസിയ ബീവി. ജെ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.റഷീദ് സി. എം, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സ്വപ്ന. വി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| പേര് | കാലയളവ് | |
|---|---|---|
| | മുതൽ | വരെ |

| | | | |
|---|---|---|---|
| പ്രസിഡന്റ് | സാബു വള്ളോംകുന്നേൽ | 01.04.2017 | 14.02.2018 |
| | ഗ്രേസി സണ്ണി (വൈസ് പ്രസിഡന്റ് ഇൻചാർജ്) | 15.02.2018 | 11.03.2018 |
| | എം. എം. അലിയാർ | 12.03.2018 | 31.03.2018 |
| സെക്രട്ടറി | മിനി. എസ് | 01.04.2017 | 9.04.2017 |
| | ജയരാജ്. പി. എം | 10.4.2017 | 31.3.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസി: സെക്രട്ടറി | സിബി കൊന്താലം | 03.07.2017(തസ്തിക 3.7.17 മുതൽ) | 31.03.2018 |
| കൃഷി ഓഫീസർ | ബേബി ജോർജ് | 01.04.2017 | 07.09.2017 |
| | ബോസ് മത്തായ് | 08.09.2017 | 31.03.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | പി കെ .ബാലകൃഷ്ണൻ | 01.04.2017 | 04.10.2017 |
| | ആര്യ ഉണ്ണി | 05.10.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. അജ്ജു ജോസ് | 01.04.2017 | 17.11.2017 |
| | ഡോ.ആരതി സുബ്രഹ്മണ്യം | 17.11.2017 | 26.12.2017 (പൂർവാഹ്നം) |
| | ഡോ.ജീതു റ്റി. ജെ | 26.12.2017 (അപരാഹ്നം) | 31.03.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. റോബിൻ കെ. ജോസ് | 01.04.2017 | 31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സുജിത്ത്.പി.രാഘവൻ | 01.04.2017 | 31.03.2018 |
| വെറ്ററിനറി സർജൻ | ഡോ. ജയൻ കെ.സി | 01.04.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ഹരീഷ് കുമാർ പി.എച്ച് | 01.04.2017 | 01.07.2017 |
| | ആൽബി ജോർജ് | 02.07.2017 | 31.03.2018 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ദർശിനി ഷിബു | 01.04.2017 | 31.03.2018 |
| ഹെഡ്മിസ്ട്രസ്സ്, എൽ.പി.എസ്, കാലാമ്പൂർ | ഷാന്റി ഡേവിഡ് | 01.04.2017 | 31.03.2018 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1- 1 |
| 2 | വാർഷിക ധനകാര്യപത്രിക | 1- 2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1- 3 |
| 4 | സാമ്പത്തിക വിശകലനം | 1- 4 |
| 5 | ഫണ്ട് വിനിയോഗം | 1- 5 |
| 6 | പദ്ധതി അവലോകനം | 1- 6 |
| 7 | തൊഴിലുറപ്പ് | 1- 7 |
| 8 | ക്ഷേമപദ്ധതികൾ | 1- 8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1- 9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-13 |
| | ഭാഗം 2 | |
| 14 | തൊഴിൽ നികുതി - അപാകത | 2-1 |
| | ഭാഗം 3 | |
| 15 | ഓവർ ഹെഡ് ചാർജ് - 7710 രൂപ അധികം നൽകി. | 3-1 |
| 16 | സെന്റേജ് ചാർജ് – 2637 രൂപ അധികം നൽകി | 3-2 |
| 17 | ആട് മാർക്കറ്റ് - ടെണ്ടർ അപാകതകൾ | 3-3 |
| 18 | ഷീ പാഡ് പ്രൊജക്ട് - നിർവ്വഹണം പൂർത്തിയായില്ല | 3-4 |
| 19 | ബിറ്റുമിൻ വില – 8927 രൂപ ഈടാക്കണം | 3-5 |
| 20 | തെരുവു വിളക്ക് പരിപാലനം -അപാകതകൾ | 3-6 |
| 21 | ഹോമിയോമരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 3-7 |
| 22 | അംഗൻവാടി പൂരക പോഷകാഹാരം കേന്ദ്രവിഹിതം പൂർണ്ണമായി ചെലവഴിക്കുന്നില്ല. | 3-8 |
| | ഭാഗം 4 | |

| | | |
|---|---|---|
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4 -1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4 -2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4 -3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4 -4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4 -5 |
| 28 | ഓഡിറ്റ് റിക്കവറി | 4 -6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4 -7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4 -8 |
| 31 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4 -9 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2017-18 | അനുബന്ധം.1 |
| 34 | ബാലൻസ് ഷീറ്റ് 2017-18 | അനുബന്ധം.2 |
| | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2017-18 | |
| | റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലേക്കുള്ള ബജറ്റ് 25.03.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 09.03.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 25.5.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരി ശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.6.2018 & 26.6.2018 | KSA EKM(PG)1786(8)/18 /30.8.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7271410.00 |
| വരവ് | 52765008.00 |
| ആകെ | 60036418.00 |
| ചെലവ് | 50673638.00 |
| നീക്കിയിരിപ്പ് | 9362780.00 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീ ക്കി ബാക്കി (RP40B) | ചെലവഴി ക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10200015.00 | 10200015 | 10200015 | 0 | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2070550 | 2070550 | 2070550 | 0 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 62540 | 62540 | 62540 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7463726 | 7463726 | 7463726 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2586960 | 2586960 | 2586960 | 0 | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 5247965 | 5247965 | 5247965 | 0 | |
| കെ.എൽ. എസ്.ജി.ഡി. പി | | 1106208 | 1106208 | 1106208 | | |
| എം.എൻ ആർ.ഇ. | 2885 | 507384 | 510269 | 491789 | 18480 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ജി.എസ്. | | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | 2130486 | 7105000 | 9235486 | 9235486 | | 0 |
| ട്രഷറി (സംയുക്തം) | 227240 | 5922924 | 6150164 | 5725352 | 424812 | 0 |
| ICDS | 138113 | 602902 | 741015 | 408242 | 332773 | 0 |
| തനത് ഫണ്ട് | 2408326 | 9940467 | 12348793 | 5819968 | 6483095 | 0 |
| സാക്ഷരത | | 2900 | 2900 | 0 | 2370 | 0 |
| ശുചിത്വ മിഷൻ | 1672601 | 908064 | 2580665 | 1024428 | 1556237 | 0 |
| ദുരിതാശ്വാസം | 138 | | 138 | | 138 | 0 |
| എൻ.എം.ബി എസ് | 39946 | 0 | 39946 | 0 | 39946 | 0 |
| കുടുംബശ്രീ | 24752 | 0 | 24752 | 0 | 24752 | |
| ജനകീയഭവനം | 314632 | | 314632 | | 314632 | |
| വിമുക്തി ഫണ്ട് | | 12500 | 12500 | | 12500 | |
| ബി ഫണ്ട് | | 28033060 | 28033060 | 28033060 | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 153 | 46463380 | 122 | 31864773 | 21 | 10 | 79.73 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. ആയുർവേദ ആശുപത്രി കിണർ
2. കറവപ്പശുക്കൾക്ക് കാലിത്തീറ്റ
3. തെരുവു നായ്ക്കൾക്ക് പ്രജനന നിയന്ത്രണം

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2885 | 507384 | 510269 | 491789 | 18480 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 9987623 | 9987623 | 9987623 | 0 |
| ആകെ | 2885 | 10495007 | 10497892 | 10479412 | 18480 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 31440 | 55 |
| കർഷക തൊഴിലാളി പെൻഷൻ | 3179300 | 283 |
| വിധവാപെൻഷൻ | 6768100 | 605 |
| വാർദ്ധക്യകാല പെൻഷൻ | 14741500 | 1254 |
| ശാരീരികവും മാനസിക വുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2739000 | 246 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിത കൾക്കുള്ള ധനസഹായം | 371800 | 31 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 180000 | 6 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.01.2019 -ന് അസി:സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6025 /- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല.

1. ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ വിവരം (ഈടാക്കിയ ലൈസൻസ് ഫീസ്, ഫീസ് ഈടാക്കിയ തീയതി, രസീതുനമ്പർ എന്നിവ) കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. താമസിച്ച് ലഭിക്കുന്ന അപേക്ഷകളിൽ ഈടാക്കുന്ന ബിലേറ്റഡ് ഫീസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
2. തൊഴിൽ നികുതി രജിസ്റ്ററിൽ നികുതി അടച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയതിൽ നികുതി അടച്ച തീയതി, രസീതുനമ്പർ എന്നിവ തുകയോടൊപ്പം രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.
3. എല്ലാ അക്കൗണ്ടുകളുടേയും ബാങ്ക് ബുക്കുകളും, ബാങ്ക് സ്റ്റേറ്റ്മെന്റുകളും ബാങ്ക് റീകൺസിലിയേഷനും കൃത്യമായി സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.12.2018 | 01.11.2018 മുതൽ 30.11.2018 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.06.2016 മുതൽ 11.07.2016 വരെ | 2011-12 മുതൽ 2015-16 വരെ | 10.08.2016 |

## 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ സഞ്ചയപ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-13 ഓഡിറ്റ് ഇംപാക്ട്

1. ഓവർ ഹെഡ് ചാർജ് അധികം അനുവദിച്ച 18,940/- രൂപ അടച്ചു.

മരാമത്ത് പ്രൊജക്ടുകളിൽ കൺവീനർ വർക്കുകൾക്ക് അനുവദനീയമായ ഓവർഹെഡ് ചാർജ്, സ.ഉ.(പി) 30/2016/ഫിൻ/29.02.2016 പ്രകാരം 7.5% ആണ്. ഉത്തരവിനേക്കാൾ അധികരിച്ച് തുക നൽകിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ (നം 8/11.01.2019) അടിസ്ഥാനത്തിൽ 18,940/- രൂപ 15.1.2019 -ലെ 118050102861, 118050102862, 118050102863 രസീതുകൾ പ്രകാരം അടച്ചു.

2. തൊഴിൽ നികുതി – 6,350/- രൂപ അടച്ചു

തൊഴിൽ നികുതി കുറവ് വന്നത് സംബന്ധിച്ച് 16.03.2019 ൽ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ 6,350/- രൂപ 17.1.2019 ലെ 11805050102894, 118050102891, 118080102887 എന്നീ രസീത് നമ്പറുകൾ പ്രകാരം അടച്ചു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - അപാകത

2017-18 -ൽ തൊഴിൽ നികുതി അടക്കാത്ത സ്ഥാപനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട കാലയളവ് | |
|---|---|---|---|
| | | ജീവനക്കാരുടെ തൊഴിൽ നികുതി | സ്ഥാപന തൊഴിൽ നികുതി |
| 1 | ജെ.കെ. ഫ്യൂവൽസ് | രണ്ടാം അർദ്ധവാർഷികം | - |
| 2 | വൈബ്രന്റ് വാലി | രണ്ടാം അർദ്ധവാർഷികം | - |
| 3 | ബി.എസ്.എൻ.എൽ | - | ഒന്ന്, രണ്ട് അർദ്ധ വാർഷികം |
| 4 | വീനസ് അസോസിയേറ്റ്സ് | രണ്ടാം അർദ്ധവാർഷികം | ഒന്ന്, രണ്ട് അർദ്ധ വാർഷികം |
| 5 | അപ്പ ഗ്രാനൈറ്റ്സ് | രണ്ടാം അർദ്ധവാർഷികം | - |

തൊഴിൽ നികുതി ഈടാക്കി അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഓവർ ഹെഡ് ചാർജ് - 7,710/- രൂപ അധികം നൽകി

കൺവീനർ വർക്കുകൾക്ക് അനുവദനീയമായ ഓവർഹെഡ് ചാർജ്, സർക്കാർ ഉത്തരവ് (പി)30/2016/ഫിൻ/29.02.2016 പ്രകാരം 7.5% ആണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയിൽ അനുവദനീയമായതിൽ കൂടുതൽ ഓവർഹെഡ് ചാർജ് നൽകിയതിനാൽ 7,710/- രൂപയുടെ നഷ്ടം സംഭവിച്ചു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/ പേര്/കൺവീനർ | എം ബുക്ക് നമ്പർ,ട്രഷറി ബിൽ നമ്പർ | ആകെ പ്രവൃത്തി മൂല്യം (ഒ.എച്ച് ഉൾപ്പെടെ) | നൽകിയ ഓവർ ഹെഡ് ചാർജ് %, തുക | നൽകാവുന്ന ഓവർ ഹെഡ് ചാർജ് | അധികം |
|---|---|---|---|---|---|---|
| 1 | S0026/17-18, മുപ്പാശ്ശേരി റോഡ്-കുമ്മൻകുഴി - ഇലഞ്ഞിക്കുടി റോഡ് റീടാറിംഗ്, പി.എം.അസീസ് | 407/16-17, 1/16.6.17 | 339226 (പാർട്ട് ബിൽ 92511 രൂപ) | 10% 30839 | 23129 | 7710 |

ഓവർഹെഡ് ചാർജിനത്തിൽ 2017-18-ൽ ആകെ 26,650/- രൂപ അധികം നൽകിയെങ്കിലും 18,940/- രൂപ തിരികെ അടച്ചു. അവശേഷിക്കുന്ന 7,710/- രൂപ കൺവീനറിൽ നിന്നോ ഉത്തരവാദിയായ അസി:എഞ്ചിനീയറിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

## 3-2 സെന്റേജ് ചാർജ് - 2,637/- രൂപ അധികം നൽകി

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് പി.ഡബ്ല്യ.ഡി മാന്വൽ പ്രകാരം ബാധകമായ സെന്റേജ് ചാർജ് 10% ആണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് 12.5% നിരക്കിലാണ് സെന്റേജ് ചാർജ് നൽകിയിരിക്കുന്നത്. പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നമ്പർ /പേര് | പ്രൊജക്ട് കോസ്റ്റ്, ചെലവ് വിവരം | നൽകിയ സെന്റേജ് ചാർജ് | നൽകാവുന്ന സെന്റേജ് ചാർജ് | അധികം |
|---|---|---|---|---|---|
| 1 | S 0093/18 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ വാർഡ് 12,13 | 200000 /- പൊതുവിഭാഗം ബിൽ നമ്പർ 15/13.11.2017 | 21946 | 20000 | 1946 |
| 2 | S 0175/18 അംഗൻവാടി നമ്പർ 45,49 വാട്ടർ കണക്ഷൻ. | 70000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബിൽ നമ്പർ 31/21.3.2017 | 7691 | 7000 | 691 |
| | | | ആകെ | | 2637 |

ഇക്കാര്യം സംബന്ധിച്ച് 07.01.2019 -ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1) 15.01.2019 -ൽ നൽകിയ എ2-4840/2018 നമ്പർ മറുപടിയിൽ അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചു. അധിക തുക തിരികെ ഈടാക്കുകയോ വരും വർഷങ്ങളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-3 ആട് മാർക്കറ്റ് - ടെണ്ടർ അപാകതകൾ

സ്ഥലം വാടകക്കെടുത്ത് ആയതിന് തറവാടക നിശ്ചയിച്ച് ലേലം നടത്തി ഗ്രാമപഞ്ചായത്ത് ഒരു ആട് മാർക്കറ്റ് നടത്തുന്നുണ്ട് . ആയതിന് ഒരു ഏക്കർ സ്ഥലം കരാർ അടിസ്ഥാനത്തിൽ ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 17.02.2018 ൽ A1-1/2017 പ്രകാരം ടെണ്ടർ നടത്തി. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം 3 ടെണ്ടറുകൾ ലഭിച്ചു.

| ക്രമ നം | പേര് | തുക (തറവാടകയുടെ %) |
|---|---|---|
| 1 | മത്തായി കുഞ്ഞ് | 50 |

| | | |
|---|---|---|
| 2 | ഫാദർ എൻ.പി ജോയ് | 45 |
| 3 | ജെയിംസ് ജോസഫ് | 30 |

ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ജെയിംസ് ജോസഫിന്റെ ടെണ്ടർ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കി ഫാദർ എൻ.പി. ജോയിയുടെ സ്ഥലമാണ് തിരഞ്ഞെടുത്തത്. ടെണ്ടർ നടപടി സംബന്ധിച്ച ഓഡിറ്റ് പരാമർശം താഴെ ചേർക്കുന്നു. അപാകതകൾ സംബന്ധിച്ച് 10.01.2019 -ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 4) 15.01.2019 -ന് നൽകിയ എ2/4840/18 നം. മറുപടി കൂടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

1. ശ്രീ.ജെയിംസ് ജോസഫിന്റെ സ്ഥലത്തിനെതിരെയുള്ള പരാതിയിൽ 6 പേരാണ് ഒപ്പിട്ടിട്ടുള്ളത്. പ്രസ്തുത വ്യക്തികളുടെ വിശദ വിവരം പരാതിയിൽ രേഖപ്പെടുത്തിയിട്ടില്ല. പരാതി സംബന്ധിച്ച് പഞ്ചായത്ത് അന്വേഷണം നടത്തുകയോ പരാതിക്കാരെ നേരിൽ കേൾക്കുകയോ ചെയ്തിട്ടില്ല. തറവാടകയായ 7,41,000/- രൂപയുടെ 45% ആയ 3,33,450/- രൂപയാണ് ഫാദർ.എൻ.പി.ജോയിക്ക് നൽകിയിട്ടുള്ളത്. (ചെക്ക് നമ്പർ 4782/30.11.2017, 7813/12/4/2018). ശ്രീ.ജെയിംസ് ജോസഫിന്റെ ടെണ്ടർ സ്വീകരിച്ചിരുന്നുവെങ്കിൽ 2,22,300/- രൂപ മാത്രമായിരുന്നു നൽകേണ്ടിയിരുന്നത്. പഞ്ചായത്തിന് അധിക വരുമാനം ലഭിക്കുമായിരുന്നിട്ട് കൂടി പഞ്ചായത്ത് പരാതി വിശദമായി പരിശോധിച്ചില്ല. പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ.ജെയിംസ് ജോസഫ് പിൻവാങ്ങുകയും റീടെണ്ടർ നടത്തി 27.03.2017 നം. 1(1) കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫാദർ.എൻ.പി. ജോയിയെ തിരഞ്ഞെടുക്കുകയുമാണ് ചെയ്തത്.
2. ഫാദർ .എൻ.പി. ജോയിയുടെ സ്ഥലത്തിന്റെ വിസ്തീർണ്ണം തെളിയിക്കുന്ന രേഖകൾ, ലീസ് എഗ്രിമെന്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെട്ടിരുന്ന ഒരേക്കർ സ്ഥലം തന്നെയാണോ ലഭിച്ചിരിക്കുന്നത് എന്നുറപ്പിക്കാൻ സാധിച്ചില്ല.
3. പഞ്ചായത്തിന്റെ അധീനതയിൽ മാർക്കറ്റ് നടത്തുന്നതിനുള്ള സ്ഥലം ലഭ്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയതും, പഞ്ചായത്തിന്റെ പുറമ്പോക്ക് രജിസ്റ്ററും ലഭ്യമാക്കിയില്ല.
4. ആട് മാർക്കറ്റ് ലേലം കൊണ്ട ശ്രീ.പി.എം.അസീസ്, പുത്തൻ പുരയിൽ, കാലാമ്പൂർ എന്ന വ്യക്തി ലൈസൻസ്, ഇതര അനുമതികൾ എന്നിവ നേടിയിട്ടില്ല.

വരും വർഷങ്ങളിൽ ആട്ട മാർക്കറ്റ് ലേലത്തിൽ സുതാര്യത ഉറപ്പ് വരുത്തേണ്ടതും അവശ്യരേഖകൾ ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 3-4 ഷീ പാഡ് പ്രൊജക്റ്റ് - നിർവ്വഹണം പൂർത്തിയായില്ല

പഞ്ചായത്ത് 2017 -18 -ൽ ആവിഷ്കരിച്ച സാനിറ്ററി നാപ്കിൻ പ്രൊജക്റ്റ് നിർവ്വഹണം പൂർത്തായായില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/ | S0153/18, ഷീ പാഡും |

| | |
|---|---|
| പേര് | അടിസ്ഥാന സൗകര്യവും |
| അടങ്കൽ | 112132, പൊതുവിഭാഗം |
| ചെലവ് | 56066<br>ട്രഷറി ബിൽ നമ്പർ<br>21/2017-18/29.1.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

സർക്കാർ ഉത്തരവ് (സാധാ)280/16/തസ്വഭവ/25.01.2016 -ന്റെ അടിസ്ഥാനത്തിൽ വനിത വികസന കോർപ്പറേഷനെയാണ് നിർവ്വഹണ ഏജൻസിയായി തിരഞ്ഞെടുത്തത്. ഷീ പാഡ്, ഇൻസിനറേറ്റർ, അലമാര എന്നിവയുടെ വിലയിനത്തിൽ ഇ- ട്രാൻസ്ഫർ മുഖേന 29.01.2018 -ന് 56,066/- രൂപ നൽകിയെങ്കിലും (കൈപ്പറ്റ് രസീത് 28.2.2018) ഇവയൊന്നും ലഭിച്ചിട്ടില്ല. പ്രൊജക്ട് പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് 07.01.2019 -ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 2) 15.01.2019 -ൽ നൽകിയ എ2/4840/18 നമ്പർ മറുപടിയിൽ തുടർനടപടികൾക്കായി വനിതാ വികസന കോർപ്പറേഷന് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. അനന്തര നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ബിറ്റുമിൻ വില – 8927 രൂപ ഈടാക്കണം

പഞ്ചായത്ത് 2016-17 ൽ ബിറ്റുമിൻ വിലയിനത്തിൽ നൽകിയ തുകയിൽ എച്ച്.പി.സി. എല്ലിൽ 8,257/- രൂപയും ഹിൻഡാൽകോയിൽ 670/- രൂപയും അവശേഷിക്കുന്നുണ്ട്. ആയത് തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പഞ്ചായത്ത് കമ്മറ്റി 24.6.2017 ൽ 1(2) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തുക ലഭിച്ചിട്ടില്ല. തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 തെരുവു വിളക്ക് പരിപാലനം -അപാകതകൾ

തെരുവു വിളക്ക് പരിപാലനം സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പഞ്ചായത്ത് ഡയറക്ടറുടെ 17.8.2015 ലെ ജി2 – 44274/2015 നമ്പർ ഉത്തരവ് പ്രകാരം സൂക്ഷിക്കുവാൻ നിർദ്ദേശിച്ച, ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴവൻ തെരുവുവിളക്കുകളുടേയും വിവരങ്ങൾ (പോസ്റ്റ് നമ്പർ ഉൾപ്പെടെ) രേഖപ്പെടുത്തിയ രജിസ്റ്റർ നിലവിൽ സൂക്ഷിക്കുന്നില്ല.
2. തെരുവു വിളക്കുകളുടെ പരാതി രജിസ്റ്ററിൽ പരാതി പരിഹരിച്ചതായി രേഖപ്പെടുത്തലില്ല.

തെരുവ് വിളക്ക് പരിപാലനം കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കേണ്ടതാണ്.

## 3-7 ഹോമിയോമരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നം.128/18) 1,50,000/-രൂപ മരുന്നുകൾ വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർക്ക് (ഹോമിയോ) നല്കിയിട്ടുണ്ട്.

1. 94,875/-രൂപ ബിൽ നം. 2/17-18/12-2-18

2. 55,125/- രൂപ ബിൽ നം.3/17-18/26-3-18

ഇതിൽ 94,875/- രൂപയുടെ (Invoice No. LF.718/6-7-18) മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 55,125/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 അംഗൻവാടി പൂരക പോഷകാഹാരം കേന്ദ്രവിഹിതം പൂർണ്ണമായി ചെലവഴിക്കുന്നില്ല

അംഗൻവാടി പൂരകപോഷകാഹാരത്തിനായി കേന്ദ്ര വിഹിതമായി 2017-18 സാമ്പത്തിക വർഷം 6,02,902/- രൂപ വരവും മുന്നിരിപ്പ് 1,38,113/-രൂപയും ഉൾപ്പെടെ 7,41,015/-രൂപ ലഭ്യമായിട്ടുണ്ട്. ഇതിൽ നിന്നും അനുപൂരക പോഷകാഹാര പരിപാടിയ്ക്കായി 4,08,242/- രൂപ ചെലവഴിച്ചിട്ടുണ്ട്. 3,32,773-രൂപ നീക്കിയിരുപ്പുണ്ട്. 03.09.2010 -ലെ സർക്കുലർ നം. 39033/ഡി.സി.2/2010 ത.സ്വ.ഭ.വ പ്രകാരം അംഗൻവാടി പൂരകപോഷകാഹാരത്തിനായി കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക അവശേഷിക്കുന്നുവെങ്കിൽ അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗൻവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യവികസനത്തിന് വിനിയോഗിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. അവശേഷിക്കുന്ന തുക മേൽ സൂചിപ്പിച്ച സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | സാന്ത്വന പരിചരണം |
| പ്രോജക്ട് നം. | S 0125/18 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| അടങ്കൽ | 9,11,900/- |
| ചെലവ് | 8,64,229/- |

1961-ലെ ഇൻകം ടാക്സ് ആക്ട്, വകുപ്പ് 194c പ്രകാരം 75,000/- രൂപക്ക് മുകളിലുള്ള ട്രാൻസ്പോർട്ട് കരാറുകളിൽ വ്യക്തികളുടെ പ്രതിഫലത്തിൽ നിന്ന് 1% നിരക്കിലും, PAN രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ 20% നിരക്കിലും ആദായ നികുതി TDS ആയി ഈടാക്കേണ്ടതാണ്. എന്നാൽ, ആയവന ഗ്രാമപഞ്ചായത്തിന്റെ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നടപ്പാക്കിയ സാന്ത്വന പരിചരണം പാലിയേറ്റീവ്കെയർ യൂണിറ്റ് പദ്ധതിയിൽ രോഗീപരിചരണത്തിനു പോകുന്നതിനായി കോൺട്രാക്ടടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ചിട്ടുണ്ട്. KL 44 A 1048 എന്ന വാഹനം ഓടിച്ച വകയിൽ ശ്രീ. ജോസ്. എ. കൊറ്റം (കൊറ്റം ഹൗസ്, ഇളങ്ങളം, വാരപ്പെട്ടി പി.ഒ കോതമംഗലം) എന്ന വ്യക്തിക്ക്

ഓടിയ ദിവസത്തിന് 1100/- രൂപ നിരക്കിൽ ആകെ 1,94,700/-രൂപ നല്കിയിട്ടുണ്ട്. എന്നാൽ ടി- വ്യക്തിയിൽ നിന്ന് ആദായനികുതി ഈടാക്കിയിട്ടില്ല. നിയമാനുസൃതമായ ആദായ നികുതിയായ 1947/- രൂപ ഈടാക്കി ആദായ നികുതി വകുപ്പിൽ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 5000000 | ലൈഫ് ഭവനപദ്ധതി | 0 | 5000000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 172975 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 22975 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 220000 | പാലിയേറ്റീവ് കെയർ | 172329 | 47671 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 280000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 280000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 122449 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 122449 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 127500 | ഉഴവുകൂലി | 127500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | 93/18,പൈപ്പ് | 21700954/ | 200000 | 0 | 200000 |

| | | | | | |
|---|---|---|---|---|---|
| | ലൈൻ നീട്ടൽ വാർഡ് 12,23 | 8.11.2017 | | | |
| KWA | 175/18,പൈപ്പ് ലൈൻ കണക്ഷൻ അംഗൻവാടി നം 45,49 | 217201059/ 16.3.2018 | 70000 | 0 | 70000 |
| കെ എസ് ഇ ബി | 94/18, സ്ട്രീറ്റ് ലൈൻ നീട്ടൽ വാർഡ് 14 | 21700976/ 18.1.2018 | 91725 | 0 | 91725 |

പ്രവൃത്തി പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | ജി.ഒ(എം.എസ്) നം 530/2010/ എൽ.എസ്.ജി.ഡി. തീയതി 18.02.2010 | 6870000 | 777300 | 300000 | | 477300 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52765008.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50673638.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9657 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 56066 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 7710 | പി.കെ.ബാലകൃഷ്ണൻ, അസി:എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 56066 | ജയരാജ് പി. എം, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.9 | 1947 | ഡോ.ജിതു.റ്റി.ജെ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.കെ.ബാലകൃഷ്ണൻ, അസി:എഞ്ചിനീയർ | അസി: എഞ്ചിനീയർ, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | പാറശ്ശേരിൽ വീട്, കുത്താട്ടുകുളം പി.ഒ 686662, എറണാകുളം ജില്ല |
| ജയരാജ് പി. എം | സെക്രട്ടറി, ആയവന ഗ്രാമ പഞ്ചായത്ത് | കളരിക്കത്തറ, വല്ലാർപാടം, എറണാകുളം |
| ഡോ.ജിതു.റ്റി.ജെ, | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ജിതു ഭവൻ, TC 1924 C4, ആലുന്തറ ലൈൻ, പൂജപ്പുര (പി.ഒ), തിരുവനന്തപുരം, 695012 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ഇ (പി-3)112/98തീ.16.4.98 |
| 1997-98 | എൽ എഫ് ഇ (പി-5)1028/02തീ.14.2.02 |
| 1998-99 | എൽ എഫ് ഇ (പി-5)848/03തീ.31.3.04 |
| 1999-00, 2000-01 | എൽ എഫ് ഇ (പി-5)342/06തീ.9.11.06 |
| 1999-00, 2000-01 | എൽ എഫ് ഇ (പി-5)982/04തീ.4.11.04 |
| 1997-98 | എൽ എഫ് ഇ (പി-5)1978/07തീ.30.9.08 |
| 1998-99 | എൽ എഫ് ഇ (പി-5)1979/07തീ.30.9.08 |
| 1999-00 | എൽ എഫ് ഇ (പി-5)1980/07തീ.30.9.08 |
| 2000-01 | എൽ എഫ് ഇ (പി-5)1981/07തീ.30.9.08 |
| 2001-02 | എൽ എഫ് ഇ (പി-5)1982/07തീ.30.9.08 |

| | |
|---|---|
| 2002-03 | എൽ എഫ് ഇ (പി-5)811/10തീ.27.10.11 |
| 2003-04 | എൽ എഫ് ഇ (പി-5)812/10തീ.27.10.11 |
| 2004-05 | എൽ എഫ് ഇ (പി-5)813/10തീ.27.10.11 |
| 2005-06 | എൽ എഫ് ഇ (പി-5)814/12തീ.27.10.11 |
| 2006-07 | എൽ എഫ് ഇ (പി-5)683/12തീ.25.7.12 |
| 2007-08 | എൽ എഫ് ഇ (പി-5)784/12തീ.25.7.12 |
| 2008-09 | എൽ എഫ് ഇ (പി-5)785/12തീ.25.7.12 |
| 2009-10 | എൽ എഫ് ഇ (പി-5)786/12തീ.4.10.12 |
| 2010-11, 2011-12 | എൽ എഫ് ഇ (പി-5)1657/12തീ.5.10.13 |
| 2012-13 | എൽ എഫ് ഇ (പി-8)484/15തീ.13.4.15 |
| 2013-14, 14-15 | എൽ എഫ് ഇ (പി-8)236/16തീ.03.3.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി8)43/2017 തീ. 01.02.17 |
| 2016-17 | നം.കെ.എസ്.എ.ഇകെഎം(പി8)1655/2017 തീ.26.09.2017 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ അടിയന്തിരമായി തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 -ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ആയവന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ